**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2472** **12-12-2022 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതി - രണ്ടാംഘട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എത്ര വീടുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്; ആയതിന്റെ പഞ്ചായത്ത് തല നടപടികൾ ഏത് ഘട്ടത്തിലെന്ന് വ്യക്തമാക്കാമോ; | (എ) | ഒരു വർഷം ഒരു ലക്ഷം വീടെന്ന കണക്കിൽ 5 വർഷം കൊണ്ട് 5 ലക്ഷം വീടുകൾ നിർമ്മിച്ച നൽകാനാണ് രണ്ടാം ഘട്ടത്തിൽ ലക്ഷ്യമിട്ടിട്ടുള്ളത്. സർക്കാരിന്റെ 15.11.20222-ലെ സ.ഉ. (സാധാ) നം. 2806/2022 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം 2018-ലും 2022 ലും വായ്പകൾ അനുവദിക്കുന്നതിനായി ലൈഫ് മിഷൻ കെ.യു.ആർ.ഡി.എഫ്.സി. മുഖേന ഹഡ്കോയ്ക്ക് കൈമാറിയിട്ടുള്ള ഗുണഭോക്തൃ പട്ടികകളിലെ ഫണ്ടഭ്യർത്ഥന നടത്തിയിട്ടില്ലാത്ത ഗുണഭോക്താക്കൾക്ക് പകരം, ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് ഭവനരഹിത ഗുണഭോക്താക്കളേയും അതിദരിദ്ര സർവ്വേയിലൂടെ കണ്ടെത്തിയ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭവനരഹിതരേയും ഉൾപ്പെടുത്തി ഭവനനിർമ്മാണ ത്തിനായുള്ള ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br><br>സർക്കാരിന്റെ 15.11.2022-ലെ സ.ഉ. (സാധാ) 2807/2022 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം 2017 ൽ തയ്യാറാക്കിയ ഗുണഭോക്തൃപട്ടികയിലും 2019 ലെ അഡീഷണൽ പട്ടികയിലും ഉൾപ്പെട്ടിട്ടുള്ള ഭൂമിയുള്ള ഭവനരഹിതർക്ക് പൂർണ്ണമായും ഭവന നിർമ്മാണാനുകൂല്യം ലഭ്യമാക്കിയിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2022-23 സാമ്പത്തിക വർഷത്തെ ത്രിതല പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ നിന്നും ഭവനനിർമ്മാണത്തിനായുള്ള പദ്ധതി ഏറ്റെടുക്കുന്നതിനും ലൈഫ് ഭൂരഹിതപട്ടികയിലെ ഗുണഭോക്താ ക്കൾക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി ഏറ്റെടുക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ എത്ര | (ബി) | ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ |

| | | | |
|---|---|---|---|
| | വീടുകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്; ആയതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | | ഉൾപ്പെട്ടിട്ടുള്ളവരുടേയും അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വീട് ആവശ്യമുള്ള ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം ആരംഭിക്കുന്നതിന് 15.11.2022-ലെ സ.ഉ (സാധാ) നം. 2806/2022/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 2018-ലും 2022-ലും ലൈഫ് പദ്ധതിയ്ക്കായി ഹഡ്കോയിൽ നിന്നും കെ.യു.ആർ.ഡിഎഫ്.സി മുഖേന വായ്പയെടുക്കുന്നതിനായി നിശ്ചയി ച്ചിട്ടുള്ള ഗുണഭോക്താക്കളിൽ ഹഡ്കോ വായ്പ വിഹിതം ഫണ്ട് അഭ്യർത്ഥന നടത്തിയിട്ടില്ലാത്ത ഗുണഭോക്താക്കൾക്ക് പകരം അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വീട് ആവശ്യമുള്ള ഗുണഭോക്താക്കളേയും ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ പട്ടികജാതി/ പട്ടികവർഗ്ഗ/ ഫിഷറീസ് ഗുണഭോക്താക്കളേയും ഉൾപ്പെടുത്തിഭവനനിർമ്മാണാനുകൂല്യം നൽകുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ എണ്ണം നിശ്ചയിച്ച് നൽകിയിട്ടില്ല. |
| (സി) | പ്രസ്തുത പദ്ധതിയിലേക്ക് കട്ടുത്തുരുത്തി നിയോജക മണ്ഡലത്തിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്നതിന്റെ കണക്ക് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ; ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിനുവേണ്ട മാർഗ്ഗരേഖ വിശദമാക്കാമോ; ലഭ്യമായ അപേക്ഷയിൽ എത്രയെണ്ണം നിരസിച്ചു എന്ന് പഞ്ചായത്ത് അനുസരിച്ച് കണക്ക് ലഭ്യമാക്കാമോ; | (സി) | ലൈഫ് പദ്ധതി പ്രകാരം 2020-ൽ ഓൺലൈനായി അപേക്ഷ സ്വീകരിച്ചപ്പോൾ പ്രസ്തുത മണ്ഡലത്തിൽ ലഭ്യമായ അപേക്ഷയുടെയും ഇതിൽ നിരസിച്ചതിൻറെയും പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധം 1 ചേർക്കുന്നു.<br><br>27.07.2020-ലെ സ.ഉ (കൈ) നം. 112/2020/ ത.സ്വ.ഭ.വ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങളുടെയും ക്ലേശഘട കങ്ങളുടെയും അടിസ്ഥാനത്തിലാണ് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുള്ളത്.<br><br>**<u>അർഹതാ മാനദണ്ഡങ്ങൾ</u>**<br><br>1. ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒറ്റ കുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിക്കേണ്ടതാണ്. ആ റേഷൻ കാർഡിൽ ഉൾപ്പെട്ട ഒരാൾക്കുപോലും ഭവനം ഇല്ലാത്തവരും ആകണം (പട്ടികജാതി/പട്ടിക വർഗ്ഗ/മത്സ്യ തൊഴിലാളി വിഭാഗത്തിന് ബാധകമല്ല)<br><br>2.സർക്കാർ/അർദ്ധസർക്കാർ/പൊതു മേഖല സ്ഥാപനങ്ങളിൽ സ്ഥിരജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്. |

3.വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

4.ഗ്രാമപഞ്ചായത്തുകളിൽ 25സെന്റിലോ/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്. (പട്ടികജാതി/പട്ടികവർഗ്ഗ/ മത്സ്യതൊഴിലാളി വിഭാഗത്തിന് ബാധകമല്ല)

5. ഉപജീവനത്തൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലുചക്രവാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

6. അവകാശികൾക്ക് വസ്തുഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തംപേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവർ ഒഴിവാക്കപ്പെടേണ്ടതാണ്

**<u>ഭൂരഹിത ഭവനരഹിതർ</u>**

മുകളിലെ മാനദണ്ഡങ്ങളോടൊപ്പം താഴെപ്പറയുന്ന മാനദണ്ഡം കൂടി പരിഗണിക്കണം.

സ്വന്തമായി ഭൂമിയില്ലാത്തവർ/ റേഷൻ കാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ പേരിൽ ഭൂമിയില്ലാത്തവർ/ റേഷൻ കാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ മൊത്തം പേരിലുംകൂടി 3 സെന്റിൽ കുറവ് ഭൂമി ഉള്ളവർ.

**ക്ലേശ ഘടകങ്ങൾ**

1.മാനസിക വെല്ലുവിളികൾ നേരിടുന്നവരോ/ അന്ധരോ ശാരീരികത്തളർച്ച ബാധിച്ചവരോ ആയ കുടുംബാംഗങ്ങൾ ഉള്ള കുടുംബങ്ങൾ

2.അഗതി /ആശ്രയ പദ്ധതിയിലെ ഗുണഭോക്താക്കൾ

3.40%-ലേറെ അംഗവൈകല്യമുള്ള അംഗങ്ങൾ ഉള്ള കുടുംബങ്ങൾ

4. ഭിന്നലിംഗക്കാർ

5.ഗുരുതര/മാരക രോഗമുള്ള (കാൻസർ/ ഹൃദ്രോഗം/ കിഡ്നി തകരാറ്മൂലം ഡയാലിസിസ് വിധേയരാകുന്നവർ/പക്ഷാഘാതം തുടങ്ങിയവ) അംഗങ്ങളുള്ള കുടുംബങ്ങൾ

6.അവിവാഹിതരായ അമ്മമാർ കുടുംബനാഥയായുള്ള കുടുംബങ്ങൾ

| | | | |
|---|---|---|---|
| | | | 7.രോഗമോ അപകടമോ കാരണം തൊഴിലെടുത്തു ജീവിക്കാനാകാത്ത<br><br>കുടുംബനാഥരായ കുടുംബങ്ങൾ<br><br>8.വിധവയായ കുടുംബനാഥയും സ്ഥിരവരുമാനമില്ലാത്ത അംഗങ്ങളുമുള്ള കുടുംബങ്ങൾ<br><br>9.എച്ച്.ഐ.വി ബാധിതരായ അംഗങ്ങളുള്ള കുടുംബങ്ങൾ. |
| (ഡി) | നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവ് കാരണം ലൈഫ് ഭവന പദ്ധതിയുടെ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; പദ്ധതി ആരംഭിക്കുന്നതിന് ഉണ്ടായ കാലതാമസം വിവരിക്കാമോ; പദ്ധതി എന്നത്തേക്ക് തുടങ്ങുവാൻ കഴിയും എന്നറിയിക്കാമോ? | (ഡി) | പരിഗണനയിൽ ഇല്ല.<br><br>പദ്ധതി ആരംഭിക്കാൻ കാലതാമസം നേരിട്ടിട്ടില്ല.<br><br>15.11.22-ലെ സ.ഉ. (സാധാ) നം. 2806/2022 ത.സ്വ.ഭ.വ., സ.ഉ. (സാധാ) 2807/2022 ത.സ്വ.ഭ.വ. നമ്പർ ഉത്തരവുകൾ പ്രകാരം പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – 1**

| | ലഭിച്ച അപേക്ഷകൾ | | അർഹരായവർ | | നിരസിച്ചത് | |
|---|---|---|---|---|---|---|
| | ഭൂമിയുള്ള ഭവനരഹിതർ | ഭൂരഹിത ഭവനരഹിതർ | ഭൂമിയുള്ള ഭവനരഹിതർ | ഭൂരഹിത ഭവനരഹിതർ | ഭൂമിയുള്ള ഭവനരഹിതർ | ഭൂരഹിത ഭവനരഹിതർ |
| കടപ്ലാമറ്റം | 205 | 94 | 88 | 70 | 117 | 24 |
| കടുത്തുരുത്തി | 457 | 137 | 280 | 110 | 177 | 27 |
| കാണക്കാരി | 248 | 124 | 155 | 90 | 93 | 34 |
| കിടങ്ങൂർ | 214 | 91 | 119 | 76 | 95 | 15 |
| കുറവിലങ്ങാട് | 258 | 72 | 92 | 48 | 166 | 24 |
| മഞ്ഞൂർ | 270 | 134 | 154 | 90 | 116 | 44 |
| മരങ്ങാട്ടുപിള്ളി | 275 | 81 | 94 | 56 | 181 | 25 |
| മുളക്കുളം | 405 | 110 | 216 | 85 | 189 | 25 |
| ഞീഴൂർ | 311 | 85 | 180 | 58 | 131 | 27 |
| ഉഴവൂർ | 166 | 82 | 110 | 60 | 56 | 22 |
| വെളിയന്നൂർ | 142 | 28 | 58 | 20 | 84 | 8 |
| ആകെ | 2951 | 1038 | 1546 | 763 | 1405 | 275 |